"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ആര്യനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. സനിൽ കുമാർ ജി. ഫയൽ ചെയ്ത OA 1574/2025-മേലുള്ള 11/09/2025 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2851/2025/LSGD തീയതി,തിരുവനന്തപുരം, 20-11-2025

---

പരാമർശം:-

1. ആര്യനാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 14/07/2025 തിയതിയിലെ 2(1) നമ്പർ തീരുമാനം
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 01/09/2025 ലെ LSGD/PD/20788/2025-DEA3 നടപടി ക്രമം
3. ശ്രീ. സനിൽ കുമാർ ജി യുടെ 08.09.2025 ലെ അപ്പീൽ അപേക്ഷ.
4. OA 1574/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 11/09/2025 ലെ അന്തിമ ഉത്തരവ്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/11/2025 ലെ LSGD/PD/32505/2025-DEA3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ സനിൽ കുമാർ ജി, ടിയാനെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) നടപടി ക്രമം പ്രകാരം കോട്ടയം ടിവി പുരം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയ നടപടിക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1574/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ടി ഉത്തരവ് ലഭ്യമായി ഒരു മാസത്തിനകം പരാമർശം (3) Annexure A6 അപ്പീൽ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2) കാസർഗോഡ് ജില്ലയിൽ 4 വർഷവും പത്തനംതിട്ട ജില്ലയിൽ 2 വർഷവും ഉൾപ്പെടെ ആകെ 6 വർഷം മാതൃജില്ലയ്ക്ക് പുറത്ത് സേവനമനുഷ്ഠിച്ച അപേക്ഷകൻ മാതൃ ജില്ലയിൽ പ്രവേശിച്ചിട്ട് 2 വർഷം പൂർത്തിയാക്കിയിട്ടില്ല എന്നും വിരമിക്കാൻ 2 വർഷത്തിൽ താഴെ മാത്രം കാലയളവുള്ള തന്നെ ആരോഗ്യ പരമായ ബുദ്ധിമുട്ടുകൾ അലട്ടുന്നുണ്ടെന്നും ശയ്യാവലംബയായ മാതാവിനെ പരിചരിക്കേണ്ടത് ഏക മകനായ തന്റെ ചുമതലയാണെന്നും ആയതിനാൽ തന്നെ തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമ പഞ്ചായത്തിലോ നെടുമങ്ങാട് /പോത്തൻകോട് ബ്ലോക്ക്

പഞ്ചായത്തുകളിലെ ഏതെങ്കിലും ഒരു ഗ്രാമ പഞ്ചായത്തിലോ പരിഗണിക്കണമെന്നതായിരുന്നു അപ്പീൽ അപേക്ഷയിലെ ആവശ്യം.

3) മേൽ അപ്പീലിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) റിപ്പോർട്ട് പ്രകാരം, ആര്യനാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) തീരുമാന പ്രകാരമാണ് ശ്രീ സനിൽ കുമാർ ജി. യെ ആര്യനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും കോട്ടയം ടി വി പുരം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചതെന്നും 31.05.2027 നാണ് ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നതെന്നും നിലവിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഒഴിവില്ലാത്തതിനാലും തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി കൂടാതെ സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

4) പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആര്യനാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) തീരുമാന പ്രകാരമാണ് ശ്രീ സനിൽ കുമാർ ജി. യെ ആര്യനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും കോട്ടയം ടി വി പുരം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചതെന്ന വസ്തുത കണക്കിലെടുത്തും, നിലവിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഒഴിവില്ലാത്തതിനാലും ശ്രീ സനിൽ കുമാർ ജി. യുടെ പരാമർശം (3) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

OA 1574/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (*ആമുഖ കത്ത് സഹിതം*)
ശ്രീ. സനിൽ കുമാർ ജി., പ്രണവം, ബാപ്പുജി നഗർ, പോങ്ങുംമൂട്, മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(ഇപിബി1/228/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 21-11-2025 06:06:51**

സെക്ഷൻ ഓഫീസർ